## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2126 — 04.11.2019 ൽ മറുപടി നൽകേണ്ടിയിരുന്നത്

### സമഗ്ര പ്രാഥമിക ആരോഗ്യ പദ്ധതി

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | | |
|---|---|---|---|---|
| (എ) | സമഗ്ര പ്രാഥമിക ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറം നിയോജക മണ്ഡലത്തിലെ പൂക്കോട്ടൂരിൽ പ്രവർത്തിക്കുന്ന ബ്ലോക്ക് പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമായി വികസിപ്പിക്കുവാൻ ആവശ്യപ്പെട്ട് MLA യുടെ 28/10/2016 ലെ PU/08/2016/TVM/HFW നമ്പർ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>&<br>(ബി) | ഘട്ടംഘട്ടമായി ആരോഗ്യ വകുപ്പിലെ മുഴുവൻ ആരോഗ്യ സ്ഥാപനങ്ങളെയും കുടുംബാരോഗ്യ കേന്ദ്രമായി മാറ്റുന്നതിനുള്ള നടപടി ആർദ്രം പദ്ധതിയുടെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ പൂക്കോട്ടൂർ പി.എച്ച്.സിയെ കുടുംബാരോഗ്യ കേന്ദ്രമായി മാറ്റുന്നതിന് എൻ.എച്ച്.എം. പി.ഐ.പി.-യിൽ ഉൾപ്പെടുത്തി (2019-2020) നടപടി സ്വീകരിച്ചു വരുന്നു. | |
| (ബി) | ഇതുപ്രകാരം പൂക്കോട്ടൂർ പി.എച്ച്.സി യെ കുടുംബാരോഗ്യ കേന്ദ്രമായോ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായോ അപ്ഗ്രേഡ് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | | | |
| (സി) | ഇവിടെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ വെളിപ്പെടുത്തുമോ; ഇത് സി.എച്ച്.സി ക്ക് തുല്യമാണോ; | (സി) | സിവിൽ സർജൻ | 1 |
| | | | അസിസ്റ്റന്റ് സർജൻ | 2 |
| | | | ക്ലാർക്ക് | 2 |
| | | | ഹെഡ് നഴ്സ് | 1 |
| | | | സ്റ്റാഫ് നഴ്സ് | 3 |
| | | | ലാബ് ടെക്നീഷ്യൻ | 1 |
| | | | ഫാർമസിസ്റ്റ് | 1 |
| | | | നഴ്സിംഗ് അസിസ്റ്റന്റ് | 2 |
| | | | ഡ്രൈവർ | 1 |
| | | | ഒപ്റ്റോമെട്രിസ്റ്റ് | 1 |
| | | | ഓഫീസ് അറ്റൻഡന്റ് | 1 |
| | | | ഹോസ്പിറ്റൽ അറ്റൻഡന്റ് | 2 |
| | | | പാർട്ട് ടൈം സ്വീപ്പർ | 1 |
| | | | ഹെൽത്ത് സൂപ്പർവൈസർ | 1 |
| | | | പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ | 1 |
| | | | പബ്ലിക് ഹെൽത്ത് നഴ്സ് | 1 |

| | | | | |
|---|---|---|---|---|
| | | | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 4 |
| | | | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 3 |
| (ഡി) | ബ്ലോക്ക് പി.എച്ച്.സി യെ അപ്ഗ്രേഡ് ചെയ്ത് സി.എച്ച്.സി ആക്കുന്നതിനും മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുവാനും സത്വര നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (ഡി) | മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ പഞ്ചായത്തിൽ മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആരോഗ്യ സ്ഥാപനമാണ് പൂക്കോട്ടൂർ പി.എച്ച്.സി. ടി പി.എച്ച്.സി.യുടെ 12 കി.മീ. നുള്ളിൽ മഞ്ചേരി മെഡിക്കൽ കോളേജും 10 കിലോമീറ്ററിനുള്ളിൽ മലപ്പുറം താലൂക്കാശുപത്രിയും സ്ഥിതി ചെയ്യുന്നു. 24 കിടക്കകളുള്ള ടി സ്ഥാപനത്തിലെ ദിവസേനയുള്ള ശരാശരി ഒ.പി. 500-ന് മുകളിലാണ്.<br>സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിലുപരി നിലവിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനായി ആരംഭിച്ച ആർദ്രം പദ്ധതി മികച്ച രീതിയിൽ പുരോഗമിച്ച് വരുന്നു. ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ മലപ്പുറം ജില്ലയിൽ നിന്നും 17 ഉം, രണ്ടാം ഘട്ടത്തിൽ 42 ഉം ആരോഗ്യ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി മാറ്റി ഉത്തരവായിട്ടുണ്ട്. ടി സ്ഥാപനങ്ങളെയെല്ലാം എഫ്.എച്ച്.സി ആയി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br>ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും ഉൾപ്പെടുത്താൻ കഴിയാത്ത സ്ഥാപനങ്ങളെ ആർദ്രം മൂന്നാം ഘട്ടത്തിൽ (2019-2020) എൻ.എച്ച്.എം. പി.ഐ.പി.യിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി മാറ്റാൻ തെരഞ്ഞെടുത്തിട്ടുണ്ട്. ടി ലിസ്റ്റിൽ മലപ്പുറം ജില്ലയിൽ നിന്നും 29 ആരോഗ്യ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെ കൂട്ടത്തിൽ പൂക്കോട്ടൂർ പി.എച്ച്.സി.യെയും ഉൾപ്പെടുത്തിയിട്ടുണ്ട്. | |

സെക്ഷൻ ഓഫീസർ